LIBRARY ARCHIVES Kerala Legislative Assembly

കണ്ടറ നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായം

54 (3081) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലഘട്ടത്തിൽ കണ്ടറ നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപയുടെ ചികിൽസാ സഹായമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്ന ധനസഹായ വിവരങ്ങൾ മണ്ഡലം തിരിച്ച് ക്രോഡീകരിച്ചിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

55 (3082) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ നിയമസഭാ ഇലക്ഷന്റെ പെരുമാറ്റചട്ടം നിലവിൽവന്ന കാലഘട്ടത്തിൽ തീരുമാനമെടുക്കുവാൻ കഴിയാതിരുന്ന സമയത്ത് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സാമ്പത്തിക സഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

56 (3083) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വാക്സിൻ ലഭ്യമാക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എത്ര തുകയാണ് ലഭിച്ചതെന്ന് വിശദമാക്കുമോ; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു എന്ന വിശദവിവരം നൽകാമോ?

കോവിഡുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച സംഭാവനകളുടെ കണക്ക് താഴെപ്പറയുന്ന പ്രകാരമാണ്. 27-3-2020 മുതൽ 20-4-2021 വരെ - 541.63 കോടി രൂപ, 21-4-2021 മുതൽ 26-7-2021 വരെ - 209.39 കോടി രൂപ (ആകെ 817.5 കോടി രൂപ) കോവിഡുമായി ബന്ധപ്പെട്ട

വിവിധ പ്രവർത്തനങ്ങൾക്കായി 13-7-2021 വരെ 730.25 കോടി രൂപ എന്നിങ്ങനെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാസഹായം

57 (3084) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായമായി കഴിഞ്ഞ സർക്കാരും നിലവിലെ സർക്കാരും എത്ര തുകയാണ് അനുവദിച്ചത്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായമായി കഴിഞ്ഞ സർക്കാർ (2016-2021) 9,18,95,45,651 രൂപയും (തൊള്ളായിരത്തി പതിനെട്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാൽപത്തി അയ്യായിരത്തി അറുനൂറ്റി അൻപത്തി ഒന്ന് രൂപ), നിലവിലെ സർക്കാർ 32,31,85,183 രൂപയും (മുപ്പത്തി രണ്ട് കോടി മുപ്പത്തൊന്ന് ലക്ഷത്തി എൺപത്തായ്യായിരത്തി നൂറ്റി എൺപത്തി മൂന്ന് രൂപ) അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2011-2016 കാലഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാസഹായമായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

2011-2016 കാലഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി 808,78,08,191 രൂപ (എണ്ണൂറ്റിയെട്ട് കോടി എഴുപത്തിയെട്ട് ലക്ഷത്തി എണ്ണായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകിയ ധനസഹായം

58 (3085) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്കോട്ടുകാവ്, പന്തലായനി, വിയ്യൂർ, മൂടാടി, തിക്കോടി, പയ്യോളി, ഇരിങ്ങൽ എന്നീ വില്ലേജുകളിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly